## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1529

5/12/2014-ന്
മറുപടിക്ക്

### കെ. രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ സ്മാരകം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.കെ.സി ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പ്രശസ്ത സംഗീതജ്ഞൻ കെ.രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ സ്മാരകം പണിയണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (ബി) | കെ.രാഘവൻ മാസ്റ്ററുടെ സ്മരണാർത്ഥം തലശ്ശേരിയിൽ സ്മൃതിമണ്ഡപവും പ്രതിമയും സ്ഥാപിക്കുന്നതിന് തലശ്ശേരി നഗരസഭ 25.50 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി സർക്കാർ ധനസഹായം ആവശ്യപ്പെട്ടിരുന്നു. കെ.രാഘവൻ മാസ്റ്റർ സ്മാരക നിർമ്മാണത്തിന് സർക്കാർ വിഹിതമായി 15 ലക്ഷം രൂപ തലശ്ശേരി നഗരസഭയ്ക്ക് അനുവദിക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ച് ധനവകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | സാംസ്കാരിക വകുപ്പ് നേരിട്ട് സ്മാരക/പ്രതിമാ നിർമ്മാണം ഏറ്റെടുത്ത് നടത്താറില്ല. തുക ലഭ്യമാകുന്ന മുറയ്ക്ക് നഗരസഭയ്ക്ക് സ്മാരക നിർമ്മാണം ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ